# KPSTA STATE ACADEMIC COUNCIL

## CM KIDS SCHOLARSHIP (UP)

## MODEL EXAMINATION 2026

## PAPER I

### നിർദ്ദേശങ്ങൾ

- രണ്ട് പേപ്പറിന്റെയും എല്ലാ പാർട്ടിലെയും എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ഒരു ചോദ്യത്തിന് ഒരു സ്കോർ വീതം ആണ് പരമാവധി സ്കോർ 100 (പേപ്പർ - I - 50 , പേപ്പർ - II - 50) ആയിരിക്കും
- ഒരു പേപ്പറിന് ഉത്തരമെഴുതുന്നതിനുള്ള സമയം 105 മിനിറ്റാണ് ഇതിനുപുറമെ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ 15 മിനിറ്റ് സമാശ്വാസ സമയമുണ്ട്
- ഓരോ വിഷയത്തിലും അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട ഉയർന്നശേഷി പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും
- സാമൂഹ്യശാസ്ത്രത്തിലെ 6 ചോദ്യങ്ങൾ ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ടതായിരിക്കും
- ഗണിതത്തിന്റെ ചോദ്യങ്ങളിൽ മാനസികശേഷി (Mental Ability) പരിശോധിക്കുന്നതിനുള്ള 6 ചോദ്യങ്ങളുണ്ടായിരിക്കും
- ഒന്നാം പേപ്പറിന്റെ പാർട്ട് (എ) യിൽ ഓരോ വിഷയത്തിന്റെയും (ഭാഷ 1) ചോദ്യങ്ങൾ ഒന്നുമുതൽ 15 വരെ ക്രമനമ്പറിലായിരിക്കും. അതുപോലെ പാർട്ട് (ബി) യിലെ (ഭാഷ വിഷയത്തിന്റെ ചോദ്യങ്ങൾ 16 മുതൽ 30 വരെ ക്രമനമ്പറായിരിക്കും. പാർട്ട് (സി) യിലെ (ഗണിതം) ചോദ്യങ്ങളുടെ ക്രമനമ്പർ 31 മുതൽ 50 വരെയായിരിക്കും
- പേപ്പർ II ലെ ചോദ്യങ്ങൾ പാർട്ട് (എ) യിലെ ചോദ്യങ്ങൾക്ക് (ഇംഗ്ലീഷ്) 1 മുതൽ 15 വരെ ക്രമനമ്പറും, പാർട്ട് (ബി) യിലെ ചോദ്യങ്ങൾക്ക് (അടിസ്ഥാനശാസ്ത്രം) 16 മുതൽ 30 വരെ ക്രമനമ്പറും പാർട്ട് (സി) ലെ ചോദ്യങ്ങൾക്ക് ( സാമൂഹ്യശാസ്ത്രം) 31 മുതൽ 50 വരെ ക്രമനമ്പറും ആയിരിക്കും

KPSTA 2026

PAPER I (PART B)

**അടിസ്ഥാന പാഠാവലി - BT**

16. 'തുമ്മാൻ ചെരുതി, യുടുപുടത്തുമ്പ്' - 'തുമ്മാൻ' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്

A. തുമ്മുക　　B. വെറ്റില മുറുക്കാനുള്ള സാധനങ്ങൾ

C. തൂമ്പയെടുക്കുക　　D. തെളിഞ്ഞ ആകാശം

17. സൂചനകൾ നോക്കി കലാരൂപം ഏതെന്ന് കണ്ടെത്തുക?

# തൃശ്ശൂർ ജില്ലയിലും പരിസരപ്രദേശത്തും അരങ്ങേറുന്നു.

# 'പന്നിമറച്ചിൽ ' എന്ന അഭ്യാസ സന്ദർഭം അഭിനയിക്കുന്നു.

# ഗ്രാമീണ വീഥികളും, മുറ്റങ്ങളും അരങ്ങായി ഉപയോഗിക്കുന്നു

A. തെയ്യം　　B. പുലികളി

C. കുമ്മാട്ടി　　D. പടയണി

18. കൂട്ടത്തിൽ പെടാത്തത് ഏത്?

A. വിത്തുഗുണം പത്തു ഗുണം　　B. ഞാറുറച്ചാൽ ചേറുറച്ചു

C. ഉഴവുപിഴച്ചാൽ വിളവ് പിഴയ്ക്കും　　D. ഇരിക്കണ കൊമ്പ് മുറിക്കരുത്

19. എയ്സൽ കൊച്ചുമോൻ ഏതു കാർഷിക മേഖലയിലാണ് പ്രശസ്തി കൈവരിച്ചത്?

A. റബ്ബർ　　B. നെൽകൃഷി　　C. പച്ചക്കറി　　D. നാളികേരം

20. **കാര്യം :** വിത്തു മൂടയിൽ സൂക്ഷിച്ച വിത്തിൽ നിന്ന് ആദ്യം മൂപ്പു കൂടിയ വിത്തുകൾ ആണ് നടാനായി പുറത്തെടുക്കുന്നത്.

**കാരണം :** വിത്തുകൾ മുഴുവൻ പാകമാകാത്തതുകൊണ്ട്.

A. കാര്യം, കാരണം ശരി　　B. കാര്യം ശരി, കാരണം തെറ്റ്

C. കാര്യം,കാരണം തെറ്റ്　　D. കാര്യം തെറ്റ്, കാരണം ശരി

21. ' അറിയാനുള്ള ആഗ്രഹം' ഇതിനു ഉപയോഗിക്കാവുന്ന ഒറ്റപ്പദം ഏത്?

A. സഫലം  B. സംഭ്രാന്തി
C. ജിജ്ഞാസ  D. ആരവം

22. ശരിയായ പദം തിരഞ്ഞെടുത്തെഴുതുക.

A. ഉദ്ഘാടനം  B. ഉത്ഘാടനം
C. ഉല്ഘാടനം  D. ഉദ്ഖാടനം

23. '<u>മീനിളക്കങ്ങൾ</u> നോക്കി നോക്കിയിരുന്ന് ' അടിവരയിട്ട പദം വികസിപ്പിച്ചാൽ..

A. മീനും ഇളക്കവും  B. മീനുകളുടെ ഇളക്കം
C. മീനിന്റെ ഇളക്കം  D. മീനാകുന്ന ഇളക്കം

24. 'നാളത്തെ പൊന്മാൻ' എന്ന കഥയുമായി യോജിക്കുന്ന പ്രസ്താവനകൾ ഏത്?

1. പരിസ്ഥിതി പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശുന്നു
2. ജലാശയങ്ങൾ സംരക്ഷിക്കേണ്ടതാണ്.
3. പ്രകൃതിയിലെ ഓരോ ചെറു ജീവികളും അതിജീവനത്തിനായി ശ്രമിക്കും.

A. ഒന്നും രണ്ടും മൂന്നും ശരി  B. ഒന്നും മൂന്നും ശരി
C. രണ്ടും ഒന്നും ശരി  D. രണ്ടും മൂന്നും ശരി

25. 'അ' എന്ന അക്ഷരം വേറിട്ട അർത്ഥത്തിൽ ചേർത്ത് ഉപയോഗിച്ചിരിക്കുന്ന പദം.

A. അധർമ്മം  B. അനുജൻ
C. അശാന്തി  D. അജ്ഞാതം

26. ശരിയല്ലാത്ത ജോഡി ഏത്?

A. റങ്കിയ കാട്  - ഉറങ്ങിയ കാട്
B. ഒരി വാസ - ഒരു ഭാഷ
C. മണ ഇണ്ട് - മനസ്സുണ്ട്
D. വീന്ത്  മുളച്ച - വീണ് മുളച്ച

27. ചെറുവയൽ രാമൻ എന്ന കർഷകനെ തേടിയെത്തിയ  രാജ്യത്തെ പരമോന്നത പുരസ്കാരം ഏത്?

A. പത്മശ്രീ  B. കീർത്തിചക്ര
C. പത്മഭൂഷൻ  D. ദ്രോണാചാര്യ

28. 'പർവ്വതം' എന്ന പദത്തിന് സമാനമല്ലാത്തത് ഏത്?

A. ഗിരി  B. അചലം  C. അദ്രി  D. ആഴി

29. 2025 ലെ കേരള സർക്കാരിന്റെ  പരമോന്നത സാഹിത്യ പുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ആർക്കാണ്?

A. സച്ചിദാനന്ദൻ  B. എൻ പ്രഭാവർമ്മ
C. കെ ജി ശങ്കരപ്പിള്ള  D. അഖിൽ പി ധർമ്മജൻ


30. വിപ്ലവ കവി എന്ന് അറിയപ്പെടുന്നത് ആര്?

A. കാവാലം നാരായണപ്പണിക്കർ  B. വയലാർ രാമവർമ്മ
C. അക്കിത്തം  D. ഇടശ്ശേരി ഗോവിന്ദൻ നായർ

KPSTA 2026

## PAPER I (PART C)
## ഗണിതം

31.ചതുരം ABCD ൽ AD യുടെ മധ്യബിന്ദു P യും BC യുടെ മധ്യബിന്ദു Q ഉം ആണ്. ചതുരത്തിന്റെ പരപ്പളവ് 120 ച.മി ആണെങ്കിൽ ഷെയ്ഡ് ചെയ്യാത്ത ഭാഗത്തിന്റെ പരപ്പളവത്രെ?




A. 50 $cm^2$ B. 60 $cm^2$ C. 80 $cm^2$ D. 100 $cm^2$

32. താഴെ കൊടുത്തിട്ടുള്ളവയിൽ $2^{98} + 2^{98} + 2^{98} + 2^{98}$ ന് എന്നതിന് തുല്യമായതേതാണ് ?

A. $2^{99}$ B. $2^{100}$ C. $8^{98}$ D. $2^{392}$

33. ഈ പ്രസ്താവനകൾ നോക്കൂ

i. ഒരു അഭാജ്യസംഖ്യയുടെ വർഗ്ഗത്തിന് 2 ഘടകങ്ങളെ ഉള്ളൂ.

ii. ഒരു അഭാജ്യസംഖ്യയുടെ കൃതിയായി എഴുതാവുന്ന സംഖ്യകളുടെ ഘടകങ്ങളുടെ എണ്ണം കൃത്യങ്കത്തേക്കാൾ ഒന്നു കൂടുതലാണ്.

iii. 2 വ്യത്യസ്ത അഭാജ്യസംഖ്യയുടെ ഗുണനഫലത്തിന് 4 ഘടകകങ്ങൾ ഉണ്ടാകും.

iv. മൂന്ന് വ്യത്യസ്ത അഭാജ്യസംഖ്യയുടെ ഗുണനഫലത്തിന് 8 ഘടകങ്ങൾ ഉണ്ടാകും.

ഈ പ്രസ്താവനകളുമായി ബന്ധപ്പെട്ട ചുവടെ തന്നിരിക്കുന്നവയിൽ ശരിയായതേത് ?


A. i, ii, ശരി B. ii, iv മാത്രം ശരി C. ii, iii, iv മാത്രം ശരി D. ii, iii മാത്രം ശരി

34. ചില മട്ടത്രികോണങ്ങളുടെ രണ്ട് വശങ്ങളുടെ അളവുകൾ A കോളത്തിലും മൂന്നാമത്തെ വശത്തിന്റെ അളവ് B കോളത്തിലും കൊടുത്തിരിക്കുന്നു. ശരിയായി യോജിപ്പിച്ചെഴുതിയത് താഴെ കൊടുത്തുവയിൽ ഏതാണ്?

| | |
|---|---|
| 1) 3, 4 | a) 7 |
| 2) 24, 25 | b) 5 |
| 3) 5, 12 | c) 8 |
| 4) 10, 6 | d) 13 |

A. 1-b, 2-d, 3-c, 4-a B. 1-b, 2-a, 3-c, 4-d
C. 1-b, 2-a, 3-d, 4-c D. 1-b, 2-c, 3-a, 4-d

35. AB||CD താഴെ തന്നിരിക്കുന്നവയിൽ തുല്യമല്ലാത്ത ജോഡികൾ ഏതൊക്കെ?




A. (1, 5) B. (2, 6) C, (1,4) D. (3,4)

36. 15 ÷ 3 + 4 x 2 – 1 =?

A. 13 B. 12 C. 11 D. 10

37. $2^{2078}$ യുടെ ഒന്നിന്റെ സ്ഥാനത്തെ അക്കം ഏത് ?

A. 2 B. 4 C. 8 D. 6

38. $10^2 – 9^2 + 8^2 – 7^2$ ....... $–1^2$ = ?

A. 0 B. 55 C. 100 D. 105

KPSTA 2026

39. 1, 3, 5, 7,......., 997, 999 വരെയുള്ള ഒറ്റ സംഖ്യകളുടെ ശരാശരി?

A. 500 B. 501 C. 499 D. 100

40. താഴെ നൽകിയിട്ടുള്ളവയിൽ 49 ഘടകങ്ങളുള്ള സംഖ്യയേത് ?

A. $12^3$ B. $2^7 x 3^7$ C. $4^8 x 3^6$ D. $36^3$

41.താഴെ തന്നിരിക്കുന്നവയിൽ 1.37 x 5.7 ന് തുല്യമായതേത്?

A. 0.137 x 5.7 B. 137 x 0.0570

C. 0.137 x 0.57 D. 1.37 x 57

42. ഒരു വലിയ കുപ്പി നിറക്കാൻ 2 ½ ഗ്ലാസ് വെള്ളവും ചെറിയ കുപ്പി നിറക്കാൻ 1½ ഗ്ലാസ് വെള്ളവും വേണം വലിയ കുപ്പിയുടെയും ചെറിയ കുപ്പിയുടേയം ഉള്ളളവുകൾ തമ്മിലുള്ള അംശബന്ധം എത്ര?

A. 2:1 B. 1:2 C C. 5:3 D. 3:5

43. 4½ മീറ്റർ നീളവും 1½ മീറ്റർ വീതിയും ഉള്ള ഒരു ചതുരത്തിൽ നിന്നും ¾ മീറ്റർ നീളവും ½ മീറ്റർ വീതിയും ഉള്ള എത്ര ചതുരങ്ങൾ മുറിച്ചെടുക്കാം?

A. 6 B. 9 C. 12 D. 18

44. ഒരു ടാങ്ക് ⅗ ഭാഗം നിറഞ്ഞിരിക്കുന്നു. 60 ലിറ്റർ വെള്ളം കൂടി പമ്പ് ചെയ്തപ്പോൾ ടാങ്ക് പൂർണ്ണമായും നിറഞ്ഞു. ടാങ്കിൽ ആകെ എത്ര ലിറ്റർ വെള്ളം കൊള്ളും?

A.150 Litre B. 100 Litre C. 500 Litre D. 250 Litre

45. $12^{x-4} = 1$ ആയാൽ x ന്റെ വില എത്ര?

A. 0 B. 1 C. 4 D. 5


46. $1+ 6+ 6^2 + 6^3 + ...... 6^{100}$ എന്ന തുകയുടെ ഒന്നിന്റെ സ്ഥാനത്തെ അക്കം എത്ര?

A. 1 B. 2 C. 3 D. 4

47. ഒരു ത്രികോണത്തിന്റെ 2 വശങ്ങൾ 4 സെ.മി, 6 സെ.മി ആണ്. മൂന്നാമത്തെ വശമാകാൻ സാധ്യതയുള്ള ഏറ്റവും വലിയ എണ്ണൽ സംഖ്യ ഏതാണ് ?

A. 8cm B. 6cm C. 9cm D. 11cm

48. ത്രികോണം XYZ ന്റെ പരപ്പളവ് ഷെയ്ഡ് ചെയ്ത ത്രികോണങ്ങളുടെ പരപ്പളവുകളുടെ തുകയ്ക്ക് തുല്യമാണ് ചതുരം PQRS ന്റെ പരപ്പളവ് 100 ചതുരശ്ര സെന്റിമീറ്റർ ആണെങ്കിൽ △ PQX ന്റെ പരപ്പളവെത്ര?




A. $25cm^2$ B. $50cm^2$ C. $75cm^2$ D. $100cm^2$

49. ഒരു ജോലിക്കാരന്റെ ശമ്പളം 10% കുറച്ചശേഷം 10% കൂട്ടുന്നു എങ്കിൽ ഇപ്പോഴത്തെ ശമ്പളത്തിലെ മാറ്റം എന്ത് ?

A. മാറ്റമില്ല B. 1% കൂടും C. 1% കുറയും D. 10% കൂടും

50. 1024 ന് 11 ഘടകങ്ങളുണ്ട്. $1024^2$ ന് എത്ര ഘടകങ്ങളുണ്ട് ?

A.13 B. 21 C. 22 D. 121

KPSTA 2026